## ജി എച്ച് എസ്എസ് കരൂപ്പടന്ന

## ലിറ്റിൽ കൈറ്റ്സ്

## അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ

# അക്ഷരം





ഈ ഉ ഊ

ഇ

# അക്ഷരം

എ

ആ

ഏ

അ

ഒ

അഃ അം ഓ



അക്ഷരം

## ഇതളുകൾവിരിയുമ്പോൾ

- സമർപ്പണം
- സന്ദേശം
- എഡിറ്റോറിയൽ
- പത്രാധിപസമിതി
- വൈക്കം മുഹമ്മദ് ബഷീറിന്റെ
  ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം
- ബഷീറിന്റെ കൃതികൾ
- കാലത്തിനു മുമ്പേ
  നടന്ന കരുപ്പടന്ന
- കരുപ്പടന്ന
  ഹൈസ്ക്കൂൾ ചരിത്രം
- ജൂലൈ 5 ബഷീർ ദിനം
- ചന്ദ്രദിനം 2018
- ജൂൺ 19 വായനാദിനം
- തനിമ കട നിർമാണം
- ചോക്ക് നിർമാണം
- ഫാബ്രിക് പെയിന്റ്
- 6 എ പ്രൊജക്റ്റ്


- ഇഫ്താർ വിരുന്നു
- ഒന്നാണ്നമ്മൾ
- ഓർമ്മകൾ
- ബാല്യകാലം
- പുളിക്കുന്ന മുന്തിരി
- കഴുതയും കുതിരയും
- സ്വപ്നം
- സ്നേഹം
- എഴുതുവാൻ കഴിയാതെ
- വർണങ്ങൾ
- നിറക്കൂട്ട്
- അനർഘ നിമിഷങ്ങൾ
- ലിറ്റിൽ കൈറ്റ് അംഗങ്ങൾ
- നന്ദി




ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്


# സമർപ്പണം

## അക്ഷരം




മലയാളികളുടെ ഓർമ്മകളിൽ ഇന്നും, എന്നും ഒളിമങ്ങാതെ നിൽക്കുന്ന ഒരു നാമധേയമാണ് ശ്രീ . വൈക്കം മുഹമ്മദ് ബഷീർ. മലയാള സാഹിത്യ ലോകത്തിന് ഒരു പുതിയ മാനം നൽകിയ എഴുത്തുകാരനാണ് അദ്ദേഹം. അദ്ദേഹത്തിൻെറ ജന്മദിനം ആഘോഷിക്കുന്ന ഈ മാസത്തിൽജി. എച്ച്. എച്ച്. എസ്. കരുപ്പടന്ന ലിറ്റിൽ കൈറ്റ്സ് അംഗംങ്ങൾ തെയ്യാറാകുന്ന " അക്ഷരം " എന്ന ഡിജിറ്റൽ മാഗസിൻ ആ മഹാനുഭാവൻെറ ഓർമക്കു മുന്നിൽ സസ്നേഹം , സവിനയം ഞങ്ങൾ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം



ലിറ്റിൽ കൈറ്റ് ക്ലബ് അംഗങ്ങൾ

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

അക്ഷരം



# സന്ദേശം

നമ്മുടെ വിദ്യാലയം മികവിൻെറ കേന്ദ്രമായി മുന്നേറി കൊണ്ടിരിക്കുകയാണല്ലൊ. ഒപ്പം വിവരസാങ്കേതിക വിദ്യ എല്ലാ അർത്ഥത്തിലും പൊതുവിദ്യാഭ്യാസ മേഖല യുടെ അവിഭാജ്യഘടകമായും മാറിയിരിക്കുന്നു . പൊതുവിദ്യാലയങ്ങൾ ഹൈടെക് ആയി മാറുന്നതിൻെറ ഭാഗമായി സ്ക്രൂളുകളിൽ രൂപം കൊണ്ട ഒരു സംരംഭമാണ് ലിറ്റിൽ കൈറ്റ് ഐ . ടി . ക്ലബ് . നമ്മുടെ വിദ്യാലയത്തിലും ഈ ക്ലബിൻെറ പ്രവ ർത്തനങ്ങൾ വളരെ മികച്ച രീതിയിൽ തന്നെ മുന്നേറി കൊണ്ടിരിക്കുന്നു . വിദ്യാർ ത്ഥികളുടെ സർഗാത്മകതയെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എൻെറയും ഈ സ്ഥാപനത്തിലെ മറ്റ് എല്ലാ അധ്യാപകരുടെയും പൂർണമായ സ്നേഹവും സഹകരണവും , പിന്തുണയും വാഗ്ദാനം ചെയ്യുന്നതോടൊപ്പം ഈ സംരംഭത്തിന് എല്ലാ ആശംസകളും അർപ്പിക്കുന്നു .



സ്നേഹപൂർവ്വം
ഹെഡ്മിസ്ട്രസ്

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

എഡിറ്റോറിയൽ അക്ഷരം

ജി എച് എസ്എസ് കരൂപ്പടന്ന .



പൈതൃകമുറങ്ങുന്ന മുസിരിസിന്റെ മണ്ണിൽ പഴമയുടെ പാരമ്പര്യവും കരുത്തും ചോർന്നു പോകാതെ കാത്തുസൂക്ഷിച്ച നമ്മുടെ വിദ്യാലയം .

1924 ൽ പരിമിതമായ സൗകര്യങ്ങളിൽ ഒരു ലോവർ പ്രൈമറി സ്‌കൂൾ ആയി തുടങ്ങി പിന്നീട് ഘട്ടം ഘട്ടമായ വളർച്ചയിലൂടെ പ്ലസ് ടുവരെ എത്തിനിൽക്കുന്ന നമ്മുടെ വിദ്യാലയ മുത്തശ്ശി .ഇന്ന് സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രശസ്തരായ അനേകം വിശിഷ്ട വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിൽ വലിയ പങ്കു വഹിച്ച നമ്മുടെ വിദ്യാലയം .അന്തരിച്ച മുൻമന്ത്രി ശ്രീ .വി കെ രാജൻ അതിൽ ഒരാൾ മാത്രം .നമ്മുടെ വിദ്യാലയം ഇന്ന് വളർച്ചയുടെ ഉന്നതിയിൽ എത്തി നിൽക്കുകയാണ് .ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന വിദ്യാലയങ്ങളുടെ കൂട്ടത്തിൽ നമ്മുടെ വിദ്യാലയവും ഉൾപ്പെട്ടത് ഏറെ ശ്ലാഘനീയമായ ഒന്ന് തന്നെയാണ് .സഞ്ചരിച്ചതിൽ ഏറെ ദൂരം നമുക്ക് ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട് .പിന്നിട്ട വഴികളിലെ ഊർജ്ജവും കരുത്തും ചോർന്നു പോകാതെ നമ്മുടെ വിദ്യാലയത്തെ ഇനിയും ഉയരങ്ങളിൽ എത്തിക്കുന്നതിന് നല്ലവരായ നാട്ടുകാരുടെ സ്നേഹവും, പിന്തുണയും,സഹകരണവും ഏറെ ആവശ്യമായ സമയമാണിത് .



നിറഞ്ഞ പ്രതീക്ഷയോടെ ,ഏറെ അഭിമാനത്തോടെ നമ്മുടെ വിദ്യാലയത്തിന്റെ ഈ വർഷത്തെ കുറച്ചു മികവുകൾ നിങ്ങൾക്കായി .. സമർപ്പിക്കുന്നു ....

സ്നേഹപൂർവ്വം ..

എഡിറ്റർ ....

# പത്രാധിപ സമിതി അക്ഷരം

- എം. ജയലക്ഷമി(ഹെഡ് മിസ്ട്രസ്)
- നിസമോൾ.കെ.എച്ച്(കൈറ്റ് മിസ്ട്രസ്)
- ബിന്ദു .ടി(കൈറ്റ് മിസ്ട്രസ്)
- സുഷകെഎസ്(എസ്ഐടിസി)
- ഹസിൻ ( ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ് )
- ഉമർസലീം( ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്)
- നഫീസത്തുൽ മിസരിയ ( “ )
- ആദിത്യ ( “ )




ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

അക്ഷരം

## ബഷീറിന്റെ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം

1908[2] ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക



വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും. രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം.

സ്കൂൾ പഠനകാലത്ത്(5-ാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ




പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു.

ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

## അക്ഷരം

## ബഷീറിന്റെ കൃതികൾ




- പ്രേമലേഖനം (നോവൽ) (1943)
- ബാല്യകാലസഖി (നോവൽ) (1944)
- ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് (1951)
- ആനവാരിയും പൊൻകുരിശും (നോവൽ) (1953)

അക്ഷരം

- പാത്തുമ്മയുടെ ആട് (നോവൽ) (1959)
- മതിലുകൾ (നോവൽ; 1989-ൽ അടൂർ ഗോപാലകൃഷ്ണൻ മതിലുകൾ എന്ന പേരിൽ സിനിമയാക്കി) (1965)
- ഭൂമിയുടെ അവകാശികൾ (ചെറുകഥകൾ) (1977)
- ശബ്ദങ്ങൾ (നോവൽ) (1947)
- അനുരാഗത്തിൻറെ ദിനങ്ങൾ (ഡയറി; "കാമുകൻറെ ഡയറി" എന്ന കൃതി പേരുമാറ്റിയത്) (1983)
- സ്ഥലത്തെ പ്രധാന ദിവ്യൻ (നോവൽ) (1953)
- വിശ്വവിഖ്യാതമായ മൂക്ക് (ചെറുകഥകൾ)(1954)
- ഭാർഗ്ഗവീനിലയം (1985) (സിനിമയുടെ തിരക്കഥ; "നീലവെളിച്ചം" (1964) എന്ന ചെറുകഥയിൽ നിന്നും)
- കഥാബീജം (നാടകത്തിന്റെ തിരക്കഥ) (1945)
- ജന്മദിനം (ചെറുകഥകൾ) (1945)
- ഓർമ്മക്കുറിപ്പ് (ചെറുകഥകൾ) (1946)
- അനർഘനിമിഷം (ലേഖനങ്ങൾ) (1945)
  മുച്ചീട്ടുകളിക്കാരൻറെ മകൾ (നോവൽ) (1951)
- പാവപ്പെട്ടവരുടെ വേശ്യ (ചെറുകഥകൾ) (1952)
- ജീവിതനിഴൽപാട്ടുകൾ (നോവൽ) (1954)
- വിശപ്പ് (ചെറുഥകൾ) (1954)
- ഒരു ഭഗവദ്ഗീതയും കുറെ മുലകളും (ചെറുകഥകൾ) (1967)
- താരാ സ്പെഷ്യൽസ് (നോവൽ) (1968)
- മാന്ത്രികപ്പൂച്ച (നോവൽ) (1968) ഓർമ്മയുടെ അറകൾ (ഓർമ്മക്കുറിപ്പുകൾ)
- ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

**അക്ഷരം**

ജൂലൈ 5  ബഷീർ ദിനം



**മലയാളത്തിന്റെ പ്രിയ കഥാകൃത്ത്,ബേപ്പൂർ സുൽത്താൻ**

**ശ്രീ വൈക്കം മുഹമ്മദ് ബഷീർ.**

**അദ്ദേഹത്തിന്റെ ചരമദിനമായ ജൂലൈ 5 ബഷീർ ദിനം പ്രശസ്ത സാഹിത്യകാരൻ ശ്രീ. അശോകൻ ചെരുവിൽ സാറിന്റെ ധന്യമുഹൂർത്തം കൊണ്ട് സമ്പന്നമായി .**

**ബഷീർ ദിനവും ,വായനാപക്ഷാചരണ സമാപനവും ,വിദ്യാരംഗം ഉൾപ്പെടെയുള്ള വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും അദ്ദേഹം ഈ വേദിയിൽ നിർവഹിച്ചു .പി ടി  എ പ്രസിഡന്റ് ഷൈല സഹീർ ചടങ്ങിൽ അധ്യക്ഷനായി .**

**എച് .എം .ജയലക്ഷ്മി ടീച്ചർ സ്വാഗതവും ,ബിന്നിടീച്ചർ,സുഷ ടീച്ചർ എന്നിവർ ആശംസകളും അർപ്പിച്ചു**

**സംസാരിച്ചു .ഗ്രാമീണവായനശാല പ്രസിഡന്റ് എം കെ മജീദ് ,പ്രതിനിധി ശാഹുൽ ഹമീദ് എന്നിവരും**



ചടങ്ങിൽ സംസാരിച്ചു .വായനശാല പ്രതിനിധി നദീറ ടീച്ചർ ബഷീർ കുടുംബത്തെ അടുത്തറിഞ്ഞ അനുഭവം പങ്കു വെച്ചു.

തുടർന്ന് സുബിത ടീച്ചർ ബഷീർ കഥകളുടെ വായനാനുഭവം പങ്കു വെച്ചു .വിദ്യാർത്ഥികളായ ഷഹനാസ് ,അദീല എന്നിവരും വായനാനുഭവം പങ്കു വെച്ചു .

തുടർന്ന് എട്ടാം ക്ലാസ്സിലെ ഷാമിലും കൂട്ടുകാരും പാത്തുമ്മയുടെ ആടിലെ ഒരു ഭാഗം ഏറ്റവും മനോഹരമായ രീതിയിൽ നാടകമായി അവതരിപ്പിച്ചു .

ഗ്രാമീണ വായനശാല നടത്തിയ ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാന വിതരണവും ,അംഗത്വ വിതരണവും ആ വേദിയിൽ നടന്നു .നിസ ടീച്ചർ നന്ദി പറഞ്ഞതോടെ പരിപാടികൾ സമാപിച്ചു

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## അക്ഷരം

### ചാന്ദ്രദിനം 2018 ..



നീൽ ആംസ്ട്രോങ് ആയി വേഷമിട്ട ശാമിൽ ആയിരുന്നു ചാന്ദ്രദിനത്തിന്റെ മുഖ്യ ആകർഷണം നീൽ ആംസ്ട്രോങ് എൽ പി,പ്ലസ് ടു അടക്കം എല്ലാ ക്ലാസ്സുകളിലും സന്ദർശനം നടത്തി .

കൂടാതെ പ്ലാസ്റ്റിക് ഭീകരനെ തുടച്ചു മാറ്റുക എന്ന ലക്ഷ്യത്തോടെ നീൽ ആംസ്ട്രോങ് ബിന്നി ടീച്ചർ ,സുഷ ടീച്ചർ എന്നിവർക്കൊപ്പം വെള്ളാങ്ങല്ലൂർ പഞ്ചായത്തു ഓഫീസിൽസന്ദർശിക്കുകയും പഞ്ചായത്തു പ്രസിഡന്റ് .പ്രസന്ന അനിൽകുമാറിനെ നേരിട്ട് കണ്ടു നിവേദനം സമർപ്പിക്കുകയും ചെയ്തു



.തുടർന്ന് കോണത്തുകുന്നു യു പി  സ്കൂളും സന്ദർശിച്ച നീൽ ആംസ്ട്രോങ്ങ്നു   ഗംഭീരമായ സ്വീകരണമാണ് അവിടെ നിന്നും ലഭിച്ചത് .നീൽ ആംസ്ട്രോങ്ങ്നു എല്ലാ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും മികച്ച അഭിനന്ദനവും പിന്തുണയും ആണ് ലഭിച്ചത്

ചാന്ദ്രദിനത്തോടനുബന്ധിച്ച് നടന്ന പ്രവർത്തനങ്ങൾ ..

നീൽ ആംസ്ട്രോങ് ,സുനിത വില്യംസ് ,കല്പന ചൗള ,എ പി ജെ അബ്ദുൽ കലാം എന്നിവരായി ശാമിൽ ,ജുസൈന,ഷിനാസ് ,മിസ്‌രിയ എന്നിവർ വേഷമിട്ടു .കൂടാതെ എല്ലാ ക്ലാസ്സുകളിലെയും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നിർമ്മിച്ച മിസൈലുകളുടെ പ്രദർശനവും ,അവ വഹിച്ചു കൊണ്ടുള്ള റാലിയും ,വാനനിരീക്ഷണവും ,റെഡ് മൂണിനെ കുറിച്ചുള്ള ബിന്നി ടീച്ചറുടെ ക്ലാസും ചാന്ദ്രദിനത്തെ ഏറെ ശ്രദ്ധേയമാക്കിയ പ്രവർത്തനങ്ങളാണ്.

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

ജി എച്ച് എസ് എസ് കരുപ്പടന്ന

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്













ജൂൺ 19 വായനാദിനം അക്ഷരം

ജൂൺ 19 വായനാദിനം..ഗ്രാമീണ വായനശാലയുമായി ഏകോപിപ്പിച്ചുള്ള വിപുലമായ പ്രവർത്തനങ്ങൾ ആണ് ഈ വർഷത്തെ വായനപക്ഷാചരണത്തിന്റെ പ്രത്യേകത .പ്രശസ്ത സാഹിത്യകാരനും പത്രപ്രവർത്തകനും ആയ കണ്ണൻ സിദ്ധാർഥ്വായന പക്ഷാചരണ പരിപാടികൾ ഉദ്ഘാടനംചെയ്തു .പി ടി എ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എച് എം സ്വാഗതവും ,വാനശാല പ്രതിനിധികളായ മജീദ് കെ എം ,ശാഹുൽ ഹമീദ് ,പ്രദീപ് ,നദീറ ടീച്ചർ എന്നിവരും ,അധ്യാപകരായ ബിന്നി,സുഷ ,സുബൈദ എന്നിവരും ആശംസകൾ അർപ്പിച്ച് സംസാരിച്ചു .വായനയെ കുറിച്ചും ,എഴുത്തിനെ കുറിച്ചുമുള്ള കണ്ണൻ സിദ്ധാർത്ഥിന്റെ പ്രസംഗം വിദ്യാർത്ഥികൾക്ക് പുതിയ ഒരു അനുഭവലോകം സമ്മാനിച്ചു.വിദ്ധാർത്ഥികളായ ഷഹനാസ്,ഫാത്തിമ നൗഫിറ ,നന്ദന എന്നിവർവായിച്ചാ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും വായനാനുഭവം പങ്ക വെക്കുകയും ചെയ്തു .സ്ക്കൂൾ ലൈബ്രേറിയൻ നിസ ടീച്ചർ യോഗത്തിനു നന്ദി പറഞ്ഞു

## വായനപക്ഷാചരണ പ്രവർത്തനങ്ങൾ .

വായനപക്ഷാചരണത്തിന്റെ ഭാഗമായി വിവിധ ഭാഷകളിൽ (മലയാളം,ഹിന്ദി ,ഇംഗ്ലീഷ് ,അറബിക്) വായനാമത്സരം ,ഉപന്യാസ മത്സരം ,പോസ്റ്റർ രചന ,എഴുത്തുപെട്ടി എന്നിങ്ങനെ വിവിധ മേഖലകളിൽ മത്സരങ്ങൾ നടത്തുകയും ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തിയ വിദ്ധാർത്ഥികൾക്കു സമ്മാനങ്ങൾ നൽകുകയും ചെയ്തു .





ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## തനിമ  കുട നിർമാണ യൂണിറ്റ്   അക്ഷരം


ജി എച് എസ് എസ് കരുപ്പടന്ന യുപി ,ഹൈസ്കൂൾ വിദ്യാർത്ഥകൾക്കായി നടത്തുന്ന പ്രവർത്തി പരിചയ മേളയുടെ ഭാഗമായി നടത്തിയ വിവിധപ്രവർത്തനങ്ങളിൽ ഒന്നായിരുന്ന നിർമാണം ..അതിൽ സ്കൂൾ തലത്തിൽ മികവ് പുലർത്തിയ ഒൻപതാം ക്ലാസ് വിദ്യാർത്ഥി തസ്ലീമ ജില്ലാമത്സരത്തിൽ A ഗ്രേഡ് നേടി ഒന്നാമതെത്തി മികവ് തെളിയിച്ചു ...അതിന്റെ തുടർച്ചയായി തസ്‌ലീമായുടെ നേതൃത്വത്തിൽ മറ്റു വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി വിപുലമായ രീതിയിൽ നടത്തിപ്പോരുന്ന ഈ സംരംഭം ഇന്ന് വളർച്ചയുടെ പാതയിലാണ് ...ഇന്ന് ഇത് ഒരു യൂണിറ്റി ആയി വളർന്നിരിക്കുകയാണ് ..ഈ സ്കൂളിലെപൂർവ വിദ്യാർത്ഥികളുടെ വിവിധസംഘടനകൾ ഈ സംരംഭത്തിന് എല്ലാ പിന്തുണയുമായി രംഗത്ത് വന്നിരിക്കുകയാണ് ...ഇതിനകം അനേകം കുടകൾ നിർമിച്ചു കൊണ്ട് വൻമുന്നേറ്റം തന്നെ നടത്തിയിരിക്കുകയാണ്തസ്ലീമയും





കൂട്ടുകാരും .നിർമാണം

...നിർമിച്ച കുടകൾ വിപണിയിലേക്ക് എത്തിക്കാനുള്ള ശ്രമത്തിലാണ് സ്കൂൾ അധികൃതരും നിറഞ്ഞ പിന്തുണയുമായി പി ടി എ ഭാരവാഹികളും .ഒപ്പം തനിമ എന്ന് പേരിട്ട ഈ പദ്ധതിയുടെ ഭാഗമായി , തസ്ലീമയുടെ നേതൃത്വത്തിൽ ഈ വേനൽ അവധിക്കാലത്തു രക്ഷിതാക്കൾക്ക് കൂടി പരിശീലനം നൽകി ഒരു സ്വയം തൊഴിൽ പരിശീലന പരിപാടിയായി ഇതിനെ മുന്നോട്ടു കൊണ്ട് പോകാനുംതീരുമാനിച്ചിരിക്കുകയാണ് .










SUPER mini
UMBRELLA
GOVT H.S.S KARUPADANNA



തനിമ യൂണിറ്റ് ഉദ്ഘാടനം ഗ്രാമപഞ്ചായത്ത്പ്രസിഡന്റ്
പ്രസിഡൻറ്പ്രസന്നഅനിൽകുമാർ പി ടി എ പ്രസിഡന്റ്
ശ്രീ .നസീർ പി കെ അവർകൾക്കും,എൽ പി പി ടി എ പ്രസിഡന്റ്
റഫീഖ് അവർകൾക്കും കൊടുത്തു കൊണ്ടും‌ഔദ്യോഗികമായി
നിർവഹിക്കുന്നു

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## ചോക്ക് നിർമാണം

വിദ്യാർത്ഥികളെ സ്വയം പര്യാപ്തരാക്കുക എന്ന ഒരേയൊരു ലക്ഷ്യത്തോടെ ജി എച് എസ് എസ് കരുപ്പടന്നയിൽ ഈ അക്കാദമിക വർഷം നിലവിൽ വന്ന മറ്റൊരു പ്രവർത്തനമാണ് ചോക്ക് നിർമാണം ...

എട്ടാം ക്ലാസ് വിദ്യാർത്ഥികളായ മുഹമ്മദ് ,മുഹമ്മദ് ഷാമിൽ എന്നീ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തുടങ്ങിയ

ഈ സംരംഭം ഇന്ന് വൻ വിജയമായി തീർന്നിരിക്കുകയാണ് ...അഞ്ചു മുതൽ പത്തു വരെ ക്ലാസുകളിലേക്ക് ആവശ്യമായ മുഴുവൻ ചോക്കുകളും

ഇപ്പോൾ വിദ്യാലയത്തിനുള്ളിൽ  തന്നെ നിർമിച്ചു തുടങ്ങി ....
മിടുക്കരായ എല്ലാ വിദ്യാർത്ഥികളെയും ഈ സംരംഭത്തിന്റെ ഭാഗമായി യു പി വിഭാഗം വിദ്യാർത്ഥികൾക്കും പരിശീലനം തുടങ്ങിക്കഴിഞ്ഞു









ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

ഫാബ്രിക് പെയിന്റ്

# അക്ഷരം



പ്രവർത്തിപരിചയമേളയുടെ ഭഗമായി സ്കൂളിന്റെ

അഭിമാനമായി മാറിയ ചന്ദന ....
ചുരുങ്ങിയ സമയത്തിനുള്ളിൽ വെജിറ്റൽ
പ്രിന്റിങ്ങിലൂടെ കോട്ടൺ തുണികളിൾ നിർമിക്കുന്ന
വർണചാരുത വിസ്മയാവഹമാണ്




ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## 6 എ പദ്ധതി          അക്ഷരം

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റ് ശ്രീ.ഷാജി നക്കരയുടെ നേതൃത്വത്തിൽ  നടപ്പിലാക്കുന്ന 6 എ പദ്ധതിയിൽ നമ്മുടെ വിദ്യാലയവും



ഉൾപ്പെട്ടിരിക്കുന്നു .പൊതുവിദ്യാലയങ്ങളുടെ മികവ് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് .പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 22 /6 / 2018  ൽ  ശ്രീ .ഷാജി നക്കര നിർവഹിച്ചു .യോഗത്തിൽ ജനപ്രതിനിധികളായ  ബീന മജീദ് ,പ്രീതി സുരേഷ് ,എം..മോഹനൻ ,ആമിനാബി,തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു .പി ടി എ പ്രസിഡന്റ് അധ്യക്ഷനായുള്ള യോഗത്തിൽ പൂർവ വിദ്യാർത്ഥികളും നാട്ടുകാരും ആയ പി കെ എം അഷ്‌റഫ് ,ശിഹാബ് ,ഷെമീർ തുടങ്ങിയവരും ,മാധ്യമം പത്രത്തിന്റെ പ്രാദേശിക റിപ്പോർട്ടറും നമ്മുടെ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയുമായ റഊഫ് തുടങ്ങി സ്കൂളിന്റെ നന്മ ആഗ്രഹിക്കുന്ന നിരവധി ആളുകളാൽ സമ്പന്നമായിരുന്ന ആ യോഗത്തിന്റെ നിറഞ്ഞ ആകർഷണം 6 എ യിലെ രക്ഷകർത്താക്കൾ ആയിരുന്നു .തങ്ങളുടെ കുട്ടികളുടെ പുരോഗതിക്കായി തങ്ങളാൽ കഴിയുന്ന എല്ലാ സഹായങ്ങളും അവർ വാഗ്ദാനം ചെയ്തു .കൂടാതെ ആ യോഗത്തിന്റെ മറ്റൊരു ആകർഷണം ആയിരുന്നു ബി പി ഒ ശ്രീ, സജീവൻ സർ നയിച്ച ക്ലാസ് ഏറ്റവും ഫലപ്രദമായിരുന്നു  ...
6 എ യിലെ ക്ലാസ് ടീച്ചർ ലിജി ടീച്ചർ യോഗത്തിനു നന്ദി പറഞ്ഞു
.....





ലിറ്റിൽ
കൈറ്റ്സ് ഐ ടി ക്ലബ്

# അക്ഷരം

## ജൂനിയർ റെഡ്ക്രോസ്

ആരോഗ്യമുള്ള ജനതയാണ് ആരോഗ്യമുള്ള സമൂഹത്തിന്റെ ശക്തി എന്ന ആപ്തവാക്യവുമായി ,ഈ വർഷം ധന്യ ടീച്ചറുടെ നേതൃത്വത്തിൽ രൂപീകൃതമായ ജൂനിയർ റെഡ്ക്രോസ് റിപ്പബ്ലിക്ക് ദിനത്തിൽ സന്നിഹിതരായ എല്ലാ മാന്യവ്യക്തികളുടെയും ബി എം ഐ പരിശോധിക്കുകയും ആരോഗ്യപൂർണമായ ശരീരം കാത്തുസൂക്ഷിക്കാൻ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു







ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

ജൂൺ 13
ഇഫ്താർ വിരുന്ന്

സ്നേഹവും സാഹോദര്യവും  സഹനവും വിളിച്ചോതുന്ന പുണ്യമാസമായ റമളാനിൽ ജി എച്ച് എസ്എസ് കരുപ്പടന്ന എൽ പി ,എച് എസ് ,എച് എസ് എസ് വിഭാഗങ്ങൾ സംയുക്തമായി നടത്തിയ ഇഫ്താർ വിരുന്ന് ഹൃദ്യമായ ഒരു അനുഭവം ആയി മാറി.ജാതി മത ഭേദമെന്യേ എല്ലാവരും ഒന്നുചേർന്ന ആ സ്നേഹസംഗമം ജനപ്രതിനിധികളും,  പി ടി എ യും ,നാട്ടുകാരും അധ്യാപകരും ,അനധ്യാപകരും ഒരേ മനസ്സോടെ ഒത്തു ചേർന്നപ്പോൾ അക്ഷരാർത്ഥത്തിൽ ഒരു ഉത്സവമായി മാറി







ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## മെഹന്തി മത്സരം

ഈദുൽ ഫിത്'റിന്റെ ഭാഗമായി അഞ്ചു മുതൽ എട്ടു വരെ ക്ലാസ്സുകളിലെ പെൺകുട്ടികൾക്കായി നടത്തിയ മൈലാഞ്ചിയിടൽ മത്സരം ഏറെ ശ്രദ്ധേയമായിരുന്നു കുട്ടികൾ വളരെ ആവേശത്തോടെ പങ്കെടുത്ത മത്സരത്തിൽ ഒന്നും ,രണ്ടും ,മൂന്നും സ്ഥാനങ്ങളിൽ എത്തിയവർക്ക് സമ്മാനവും നൽകി .

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്



ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## ഒന്നാണ് നമ്മൾ



കേരളം ഈ നൂറ്റാണ്ടിൽ നേരിട്ട ഒരു ഭീകരതയായിരുന്നു 2018 അഗസ്റ്റ് 15 നു നമ്മൾ നേരിട്ട പ്രളയം ...അക്ഷരാർത്ഥത്തിൽ തന്നെ കേരളീയർ നടുങ്ങിയ







ആ സംഭവം ..നമുക്ക് സംഭവിച്ച നാശനഷ്ടങ്ങൾ വളരെ വളരെ വലുത് തന്നെയായിരുന്നു ..ഇതിനു മുമ്പ് ഒരിക്കലും നാം ഇത്തരം ഒരു ഭീകരത അനുഭവിച്ചിട്ടില്ല എന്ന് തന്നെ പറയാം .

ജാതിയും മതവും ഒന്നിനും ഒരു അളവ് കോൽ അല്ല എന്ന് മലയാളി തിരിച്ചറിഞ്ഞ നിമിഷങ്ങൾ ..എല്ലാം മറന്നു കേരളം ഒരൊറ്റ ചങ്ങലയായി മാറിയ ദിവസങ്ങൾ .തകർന്നു തരിപ്പണമായ കേരളത്തെ ഒന്നായി നിന്നവീണ്ടെടുത്ത കേരളം ജനത എവിടെയും മാതൃക തന്നെ .സംശയമില്ല ....ഒന്നാണ് നമ്മൾ ....പ്രളയനാന്തരം തകർന്ന ...എന്നാൽ വീണ്ടും ഉയിർത്തു എഴുന്നേറ്റ കേരളത്തെ വരകളിയോടെയും എഴുത്തിലൂടെയും .. .ചായങ്ങളിലൂടെ



യും ജി എച് എസ് കരുപ്പടന്നയിലെ വിദ്യാർഥികൾ ചിത്രീകരിച്ചപ്പോൾ അത് കാണാനും മനസ്സിലാക്കാനും അവരിൽ ഒരാളായി മാറാനും ചിത്രകാരനും ശില്പിയുമായ ശ്രീ .ഡാവിഞ്ചി സുരേഷ് എത്തിയപ്പോൾ ..വർണിക്കാനാവാത്ത ഒരു അനുഭവമായി ..... ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

# ഓർമ്മകൾ

അവളുടെ മനസ്സ് കടൽ പോലെ ഇളകി മറിഞ്ഞു.ഇരു മിഴികളും കലങ്ങിയിരുന്നു
ച്ചുണ്ടുകൾ വിറക്കുന്നു .മുഖം വിളറിയിരിക്കുന്നു.എന്തു ചോദിച്ചാലും മൂകതയാണ്
അവളുടെ ഉത്തരം.അവളറിയാതെ അവളുടെ കവിളുകളെ നനയിച്ചുകൊണ്ട്



അവളുടെകണ്ണുകളിൽ നിന്ന് കണ്ണീർ തുള്ളികൾ പൊഴിഞ്ഞുകൊണ്ടിരുന്നു എന്താവാം ഇതിനു കാരണം.തൻെറ കൗമാരപ്രായത്തിൽ ആർക്കും തോന്നിപ്പോകുന്ന ചില സംഭവങ്ങൾ അവളുടെ ജീവിതത്തിൽ ഉണ്ടായിരുന്നു
ഇതിനെയെല്ലാം മറികടന്നുകൊണ്ട് അവളെ കൈപിടിച്ചുയർത്തിയത് അവളുടെ അമ്മയായും കൂട്ടുകാരിയായും സഹോദരിയായുമെല്ലാം അവൾ കണ്ട അവളുടെ അധ്യാപികയായിരുന്നു.തനിക്ക് എന്ത് വിഷമമുണ്ടെങ്കിലും തുറന്നു പറയാൻ കഴിയുന്ന ഒരു വ്യക്തി.അവളുടെ ജീവിതത്തിൽ അവളെ ഏറെ സ്വാധീനിച്ച അവളുടെ സ്വന്തം കൂട്ടുകാരി.തെററ് കണ്ടാൽഅത് തിരുത്തി തരുന്ന അവളുടെ അധ്യപിക.അവൾക്ക് ഏറെ പ്രിയപ്പെട്ടതും അവർ തന്നെ.ഏറെ സന്തോഷിച്ച ദിനങ്ങൾ കടന്ന്പോയി.പിന്നീട് വീണ്ടും തൻെറ പഴയ അവസ്ഥയിലേക്ക്.
ഇതിനു കാരണം വേറൊന്നുമല്ല തന്നെ ഏറെ വിശ്വസിച്ച കൻെറ അവൾ അറിയാതെ അവൾ തന്നെ വിഷമിപ്പിച്ചു.

വിശ്വാസത്തിലാണ് സ്നേഹത്തിൻെറ
വളർച്ച,അതുകൊണ്ടുകതന്നെ  വിശ്വാസവഞ്ചന സ്നേഹത്തിൻെറ
മരണത്തിന് കാരണമാകുന്നു.ഇത് തന്നെയാണ് അവളുടെ
ജീവിതത്തിലും സംഭവിച്ചത്.അവളും
അവളുടെ അധ്യാപികയും തമ്മിലുള്ള സ്നേഹബന്ധം നിലച്ചു.
ഇനിയൊരു തിരിച്ചു
വരവും കാത്ത് അവൾ ദിനങ്ങൾ തള്ളി
നീക്കുകയാണ്. കലങ്ങിയ അവളുടെ
കണ്ണുകളിൽ നിന്ന് രക്തം
ചാലിട്ടൊഴുകുന്നത് പോലെ അവൾക്ക്
തോന്നി.മനസ്സ്
നീറിപ്പുകയുകയാണ് .എങ്കിലും



വിശ്വാസം കൈവിടാതെ നടക്കാത്ത സ്വപ്നങ്ങൾ കണ്ടുറങ്ങാനാണ്
അവൾക്ക് ഇഷ്ടം.എത്ര മറക്കാൻ ശ്രമിച്ചാലും മായാതെ മനസ്സിൽ
കിടക്കുകയാണ്. ജ്വലിക്കുന്ന അവളുടെ സ്നേഹവും, തിലക്കുന്ന അവളുടെ
മനസ്സും, നീറിപ്പുകയുന്ന അവളുടെ ഓർമ്മകളും, ഇനിയൊരു
പുതിയൊരു ജീവിതമെന്നോണം .
അവൾ ആകാശത്തേക്ക് നോക്കി.......



അദീല.VA

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

VIII A

# അക്ഷരം

## ബാല്യകാലം

*മാവിൻ ചോട്ടിൽ മണമുള്ള മധുരമായി*
*മനതാരിൽ കോരിച്ചൊരിയുന്നെൻ ബാല്യകാലം*
*കലങ്ങിയ മനസിൽ ആശ്വാസം നൽകി*
*കുളിരേകുന്ന ചങ്ങായിമാർ*
*ചെളിമണ്ണിൽ അറിയാതെ വീണുപോയതിന്*
*ആരുകാണേ കളിയാക്കും*
*ഇളനാമ്പുകളായ് എൻ കൂട്ടുകാർ*
*മധുരമാർന്ന എൻ ബാല്യകാലം*
*പകൽ കിനാവിനേയും രാത്രി നിലവിനേയും*
*തഴകി തലോടി ഓർമ്മകളയ് എന്റെ*
*ബാല്യകാലം*
*കൊതി തീരാതെ ഒരു പൂവായ്*
*കുളിർമഴയായ് എന്നിൽ*
*പെയ്തിറങ്ങി കോരിത്തണുപ്പിച്ച*
*എന്റെ ബാല്യകാലം*
*വെയിലുള്ള പകലുകൾ മാഞ്ഞാലും*
*മഴയുള്ള രാത്രികൾ പോയാലും*



*അതിൽ അലിയാത്ത വെയലോർമ്മ-*
*യായി എൻ ബാല്യകാലം*
*കളിയാടുന്ന പാടത്തെ*
*തളിരോർമ്മ എൻ ബാല്യം*
*എൻ മനസ്സിൽ അറിവിന്റെയും*
*നന്മയുടേയും പ്രതീകമായ്*
*ദീപം തെളിയിച്ച എൻ അധ്യാപിക*
*അറിവില്ലായ്മയിൽ ചെയ്തുപോയതിന്*
*അതിനെ മറികടന്ന് വിജയത്തിലെത്തിച്ചവർ*
*ഇതെൻ ബാല്യകാല ഓർമ്മകൾ*
*ഇന്നലകൾ ഇനി തിരിച്ച വരില്ല*
*എന്നറിയാമെങ്കിലും*
*ഇനിയരു ബാല്യകാല വരവിനായി*
*ഞാൻ ഇന്നും കാത്തിരിക്കുന്നു*



*ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്*

*അംന.എം .എ (8A)*

അക്ഷരം



പുളിക്കുന്ന മുന്തിരി

ചിന്നുവിൻെറയും പപ്പിയുടെയും പൂച്ചയുടെയും
പുഴയിൽനിന്ന്കുറച്ചു ദൂരെ ഒരുമുന്തിരിത്തോട്ടമുണ്ട്.
ഗ്രാമത്തിലെ നേതാവായ മാധവൻ നായരുടേവതാണത്
അതിനടുത്തേക്കൊന്നും പോവാൻ പാടില്ലെന്ന്
കഥയമ്മ പറഞ്ഞിട്ടുണ്ട്.
പോയാൽ വിവരമറിയുമെന്ന് പൂച്ച പപ്പിയോടും
ചിന്നുവിനോടും പറഞ്ഞു.
എന്താ കാര്യം? മൊട്ട മാധവൻ നായർ അവിടെ
വലിയൊരു വേട്ടപ്പട്ടിയെ
അഴിച്ചു വിട്ടിട്ടുണ്ട്. ഒരിക്കൽ കണ്ടാൽ പിന്നെ എല്ലാ
രാത്രിയും ദുസ്സ്വപ്നം
കണ്ട് നിലവിളിച്ചു പോകും. അത്രയ്ക്കു കൊടും ഭീകരൻ.
അപ്പോഴാണ്
ഒരു ദിവസംനട്ടുച്ചയ്ക്ക് കുറുക്കൻവിശന്നു
വലഞ്ഞ്മുന്തിരികോപ്പിലേക്ക്
ഒളിച്ചും പതുങ്ങിയും പോകുന്നതു കണ്ടത്. മൂന്നാളും കുറുക്ക
ൻെറ പിന്നാലെ
വച്ചു പിടിച്ചു.കശ്മല കാക്കയും പിന്നാലെ

പറന്നു.കുറുക്കൻ ഇരുന്നു
മുന്തിരിക്കുലയെ നോക്കി കുറെ നേരം വെള്ളമിറക്കി
പിന്നെ അഞ്ചാറ്
പ്രാവശ്യം ചാടി നോക്കി മുന്തിരികിട്ടില്ലെന്ന്മനസ്സിലായി
തിരിഞ്ഞുനടക്കുമ്പോഴാണ് നോക്കിനിൽക്കുന്നപപ്പിയെയും
ചിന്നുവിനെയും പൂച്ചയെയും കണ്ടത് മുന്തിരി കിട്ടുമോ
കുറുക്കൻചേട്ടാ. പപ്പിചോദിച്ചു
പുളിക്കുന്ന മുന്തിരി ആർക്കു വേണം കുറുക്കൻ പറഞ്ഞു.
അപ്പോൾ കശ്മലക്കാക്ക
പറഞ്ഞു നിൽക്കണേ കുറുക്കാ ഞാൻ രണ്ട് മൂന്നെണ്ണം
കൊത്തിക്കൊണ്ടു വരാം
കശ്മല കുറെമന്തിരികൾ കൊത്തി ക്കൊണ്ടു വന്നു
എല്ലവരും പാട്ടും പാടി തിന്നു
തീർത്തു.അവരുടെ പാട്ടും ബഹളവും കേട്ട് മൂക്കുമുട്ടെ
ഇറച്ചിതിന്നു മയങ്ങുകയായിരുന്ന വേട്ടനായ ഒന്നു മുരണ്ടു
തിരിഞ്ഞുകിടന്നുറങ്ങി ആ



മുരൾച്ച കേട്ടതോടെ ബാക്കി
മുന്തിരിയും പെറുക്കി
വായപൊത്തി എല്ലാവരും
സ്ഥലം വിട്ടു.

മുഹമ്മദ് ഷാമിൽ.കെ.ബി(8b)

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

# അക്ഷരം

## കഴുതയും കുതിരയും



കഴുതയും കുതിരയും കൂട്ടുകാരാണ്.ഒരു ദിവസം കഴുത കുതിരയെ പുകഴ്ത്തി നീ എന്തൊരു ഭാഗ്യ-വാനാണ്.നിന്നെ എല്ലാവർക്കും ഇഷ്ടമാണ്. എന്നെമാത്രം ആർക്കും ഇഷ്ടമല്ല.നിനക്ക് എല്ലാവരും പുല്ലും പല പല സാധനങ്ങളും തിന്നാൻ തരും.എന്നിങ്ങനെയൊക്കെ പുകഴ്ത്തി കൊണ്ടിരുന്നു.അങ്ങനെ അവർ കാടു മുഴുവൻ തെണ്ടിനടന്നു

ഒരിക്കൽ കുതിരയെ കുറെ ആളുകൾ യുദ്ധത്തിനിറക്കി.അപ്പോൾ കഴുത ഒററക്കായി

അങ്ങനെ കുതിരയ്ക്ക് യുദ്ധത്തിൽ കുറെ മുറിവേററു കുതിര ആകെ മാറി.കുതരയ്ക്ക് വയ്യാതായി.കുതിര മരിച്ചു.

താൻ ഒററക്കായി എന്ന ചിന്ത കഴുതയെ അലട്ടാൻ തുടങ്ങി. കഴുതയ്ക്ക് വല്ലാതെ വിഷമം വന്നു



ഒരിക്കൽ കഴുത മനസ്സിൽ വിചാരിച്ചു
ഓ ഞാൻ ഒററയ്ക്കായല്ലോ ഇനി അവൻെറ പുകഴ്ത്തൽ കേൾക്കണ്ടല്ലോ എന്ന് വിചാരിച്ചു
സന്തോഷത്തോടെ ദൈവത്തോട് പ്രാർത്ഥിച്ചു .
ദൈവത്തിന് നന്ദി

ഫാത്തിമ നൗറിൻ കെ .എ

VIII A ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

# സ്വപ്നം

അക്ഷ

അലസമായ് വന്ന ഒരിളം തെന്നൽ അവളെ തലോടി.എന്തോ പറയണമെന്ന് അത് അഗ്രഹിക്കുന്നത് പോലെ അവൾക്ക് തോന്നി. അമ്മയോടും അഛ്ചനോടും വാശ പിടിച്ചത്,അമ്മ മാറോടണച്ച് പണമില്ലെന്ന് പറഞ്ഞത് അഛ്ചൻ പഴയ സൈക്കിൾ പോരെയെന്ന് പലവട്ടം ചോദിച്ചത്,പുതിയഒന്ന് വേണമെന്ന് അവൾ വാശി പിടിച്ചത്,എല്ലാം ഒരു നിമിഷം അവൾ ഓർത്തു. എല്ലാം കഴിഞ്ഞ് നാളെ കിട്ടാൻ പോകുന്ന സൈക്കിളിനെ അവൾ ഒന്ന് സങ്കൽപ്പിച്ചു നോക്കി. പയ്യെ,പയ്യെ അവളുടെ മിഴികൾ അടഞ്ഞു. നിദ്ര എന്ന മഹാലോകത്ത് അവൾ എത്തിപ്പെട്ടു.അവിടം ആകെയൊന്ന് കണ്ണോടിച്ചു. കാതോർത്തു. മഞ്ഞുതുള്ളികൾ തലയിലേററി



സൂര്യൻെറ ബാലതപത്തിൽ വജ്രത്തിളക്കത്തിൽ നിൽക്കുന്ന പുല്ലുകൾ.മനോഹരമായ വീടുകൾ. മരങ്ങൾ ദളനമർമ്മരത്തിൻെറയും കിളികളുടെ കളകള പൂജനത്തിൻെറയും നാദം അവിടമാകെ പരന്നു. മന്ദമാരുതൻ അവളെ തഴുകി മറഞ്ഞു.

പെട്ടെന്ന് ഒരു ശബ്ദം അവൾ കേട്ടു. അവൾ തിരിഞ്ഞുനോക്കി അത് ഒരുപൈങ്കിളിയായിരുന്നു. അത് അവളുടെ ചുമലിൽ സ്ഥാനമുറപ്പിച്ചു. നിനക്ക് ഞാൻ രണ്ട് വീടുകൾ കാണിച്ചു തരാം. എന്നിട്ട് ഞാൻ ചോദിക്കുന്നതിന് ഉത്തരം പറയണം. അവൾ തലയാട്ടി.

ആദ്യത്തെ വീട്ടിൽ അവർ കയറി.വ്റ്ത്തിയുള്ള വീട്. അത്യാവശ്യംനല്ല സാമഗ്രികളും മററും ഉള്ളത് എങ്കിലും അവർ ദുഖിതരായിരിന്നു. അവർക്ക് ഇനിയും നല്ലത് വേണമായിരുന്നു പഴയതിൽ ത്ര്പ്തരല്ലായിരുന്നു. അവിടെ കലഹവും ദുഖവും അലതല്ലി.

രണ്ടാമത്തേത് ഒരു ചെറിയ വീടായിരുന്നു. അവിടെ  സൗകര്യങ്ങൾപോരായിരുന്നു സാമഗ്രികളും കുറവ് എങ്കിലും അവർ അതീവ സന്തോഷിതരാണ്. അവർ ഉള്ളതിൽ ത്റ്ഷ്ടിപ്പെട്ടു. പരസ്പരം നല്ല സ്നേഹത്തിലുമായിരുന്നു.

പൈങ്കിളി ചോദിച്ചു. മകളെ ,നിനക്ക് ഏത് വീടാണ് ഇഷ്ടപ്പെട്ടത്. എന്തു കൊണ്ടാണ് ഇഷ്ടപ്പെട്ടത് അവൾ പറഞ്ഞു രണ്ടാമത്തേത്. കാരണം അവിടെ സന്തോഷമുണ്ടായിരുന്നു. ഉള്ളതിൽ ത്റ്ഷ്ടിപ്പെട്ടിരുന്നു. പൈങ്കിളി പറഞ്ഞു നീ ഉള്ളതിൽ ത്റ്ഷ്ടിപ്പെടുക ഇല്ലാത്തതിനെയോർത്ത് കരയരുത്.

അമ്മൂ, അമ്മൂ  അമ്മൂ കണ്ണുതുറന്നു മുന്നൽ അമ്മ. അവൾ അമ്മയെ കെട്ടിപ്പിടിച്ചു പറഞ്ഞു അമ്മേ എനിക്ക് ഒന്നും വേണ്ട. ഞാൻ ഇനി ഇല്ലാത്തതിനൽ ദുഖിക്കില്ല. അമ്മ അവളെ വാരിപ്പുണർന്നു. അപ്പോൾ ജനലരികിൽ നിന്ന് ഒരു കിളി പറന്നു പോകുന്നതായി അവൾക്കു തോന്നി.....



റാഷിദ

VIIIB

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

# അക്ഷരം



## സ്നേഹം

നേരം പരാപരാ വെളുത്തുതുടങ്ങി
മരച്ചില്ലകളിലും പുല്ലിമെ
ല്ലാം മഞ്ഞുതുള്ളികൾ കൊണ്ട് മൂടിയിരിക്കുന്നു.
അവൾ ജാലകം
തുറന്നു നോക്കി എന്താ തണുപ്പ് തണുപ്പുള്ള
കാറ്റ് ആഞ്ഞുവിശി.

മോളേ... വന്ന് ഭക്ഷണം കഴിക്ക്. അമ്മയുടെ വിളിക്കേട്ട് അവ
ൾ ഓടിച്ചെന്ന് പോതൽ കഴിച്ചു.
അവധികാലമെല്ലാം കഴിഞ്ഞ്
സ്കൂൾ തുറക്കുന്ന ദിവസമാണ്. പുത്തനുടുപ്പിട്ട് പ്രിയ സ്കൂളിലേക്ക്
പോയി. ഹായ്! എന്തു രസം എല്ലാവരും പലവർണ്ണങ്ങളുള്ള
വസ്ത്രമണിഞ്ഞ് നിൽക്കുന്നു. അവൾക്ക് സന്തോഷമായി. പെട്ട
ന്നാണ് മാളുവിൻെറ വസ്ത്രം അവളുടെ ശ്രദ്ദയിൽ പെട്ടത്. അ
വൾ മാളുവിൻെറ അടുത്ത് ചെന്നു ചോദിച്ചു: മാളുക്കുട്ടി...നീ എ
ന്താ ദുഖിഃച്ചിരിക്കുന്നത്. എനിക്ക് പുതിയ വസ്ത്രങ്ങളില്ല. ഇവിടെ
യുള്ള മുഴുവൻ കുട്ടികൾക്കും പുത്തൻ വസ്ത്രങ്ങളാണ് ധരിച്ചിരിക്കു
ന്നത്. മാളു തൻെറ വിഷമം പ്രിയയെ അറിയിച്ചു. പ്രിയക്ക് വള
രെയധികം വിഷമമായി. അന്നത്തെ പ്രവേശനോത്സവ പരി
പാടികൾ കഴിഞ്ഞ് പ്രിയ വിഷമത്തോടെയാണ് വീട്ടിലെത്തിയ
ത്. തൻെറ വിഷമം നിറഞ്ഞമുഖം കണ്ട് അമ്മചോദിച്ചു: എ
ന്താവിഷമിച്ചിരിക്കുന്നത്. മാളുവിൻെറ വിഷമങ്ങളെല്ലാം തൻെറ
അമ്മയോട് പറഞ്ഞു. അമ്മയുടെ സമ്മതത്തോടെ പ്രിയ അവ



ളുടെ വസ്ത്രങ്ങളിൽ വളരെയേറെ ഭംഗിയുള്ള രണ്ടു വസ്ത്രങ്ങൾ
മാളുവിന് കൊടുക്കാൻ തീരുമാനിച്ചു. പിറ്റേ ദിവസം പ്രിയ ആ
വസ്ത്രങ്ങൾ മാളുവിന് കൊടുത്തു. അവൾക്ക് വളരെ
സന്തോഷമായി. കഷ്ടപ്പാടുകൾ അനുഭവിക്കുന്ന ഒരു കുട്ടിക്ക്
വസ്ത്രങ്ങൾ സമ്മാനിച്ചതിന് പ്രിയയെ
അവിടത്തെഅധ്യാപകരും കുട്ടിക്കളുംഅഭിനന്ദിച്ചു.

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

സൽവ 7 b

# അക്ഷരം

## എഴുതുവാൻ കഴിയാതെ



നാളെത്രയായ് നിന്നെ തേടിയലയുന്നു
നാളമായ് എന്നിൽ തുടിക്കുന്നൊരീണത്തെ
ഒരു കൊച്ചു കാറ്റിന്റെ മൃദുലയെപ്പോഴോ
ഒരുമിച്ചു ചേർന്നതെന്ന് മനസത്തിങ്കൽ
ഒരു പാഴ്ക്കിനാവിന്റെ മായയായ് മിഥ്യയായ്
ഒരുലതാരരാഗമായ താളമായി നാദമായ്
നുരഞ്ഞു പൊന്തുന്നൊരാ ഗാനശൈലിയെ
തിരഞ്ഞു ഞാനെത്രയോ ഉൾത്തടങ്ങളിൽ
എത്രയോ വട്ടമെൻ കൈവിരൽ തുമ്പിലൊരു
വിറയലായ് പതറി തെറിച്ചു പോയില്ലയോ
എന്തിനോ തേങ്ങുംമനസ്സിന്റെ ഗദ്ഗദ
ശബ്ദമായി നിന്നുപോയ് പല്ലവിയൊക്കെയും
പൊരുൾമാത്ര മാറിയാമെനിക്കെന്നുമാന്യ
മായ് നിലകൊണ്ടോരനശ്വര സ്നേഹം
എഴുതുവാൻ പദങ്ങൾ തിരഞ്ഞു ഞാൻ
പാടുവാൻ ഈണം മറന്നു ഞാൻ
എങ്ങോ മറഞ്ഞുപോയൊരാത്മാർത്ഥസ്നേഹവും
എന്തോ പൊലിഞ്ഞുപോയൊരാനന്ദ ബാഷ്പവും
എന്നിലുണരാതെ മയങ്ങിയ കവിതയെ
പകർത്തുവാനാകാതെ തേങ്ങി ഞാൻ
എന്നിലലിയാതെ പോയൊരു പൊരുളിനായ്
പാദങ്ങളും പ്രാസവും തേടി ഞാൻ




**സുബിത ps**

**upsa**


ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്


# അക്ഷരം


## വർണങ്ങൾ


### മനോഹരമായപെയിൻറിംഗുമായി

രാജി എം.വി
യു പി എസ്എ









ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

## നിറക്കൂട്ട് 2018        അക്ഷരം

ഈ ക്രിസ്തുമസ് വേനലവധിക്കാലം വിദ്യാർത്ഥികൾക്ക് ഒരു ഉത്സവമാക്കി മാറ്റി കരുപ്പടന്നയുടെ ചുണക്കുട്ടികൾ ...കരുപ്പടന്നയുടെ സമീപപ്രദേശങ്ങൾ ആയ കരുമത്ര,കോണത്തുകുന്നു ,വെള്ളാങ്ങല്ലൂർ ,നാരായണമംഗലം ,വള്ളിവട്ടം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ കൂടി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പ് വേറിട്ട അനുഭവമായി മാറി ....ശാസ്ത്ര പരീക്ഷണങ്ങളും .. .കളികളും ...ക്രാഫ്റ്റ് വർക്കുകളും കൂടി






സംയോചിപ്പിച്ചു കൊണ്ട് നടത്തിയ ഈ ക്യാമ്പ് ഏറെരുന്നു ...അതിന്റെ ഭാഗമായി വിദ്യാർഥികൾ ..അവർ തന്നെ നിർമിച്ച പുതുവർഷ ആശസകാർഡുകൾ കവറിൽ ആക്കി പോസ്റ്റ് ഓഫീസിൽ പോയി സ്വന്തം വീടുകളിലേക്ക് തന്നെ പോസ്റ്റ് ചെയ്യുത് കുട്ടികളിൽ ഏറെ ആവേശവും കൗതുകവും ഉണർത്തി ..ആദ്യമായി പോസ്റ്റ് ഓഫീസിൽ പോയതിന്റെ ആഹ്ലാദം എല്ലാവരും പങ്കുവെച്ചു ..രണ്ടു ദിവസത്തെ ക്യാമ്പ് പുതുമയുള്ളതും വ്യത്യസ്തവുമായി മാറി

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

കാലത്തിനു മുമ്പേ നടന്ന കരൂപ്പടന്ന

# അക്ഷരം

ഇന്നത്തെ കൊടുങ്ങല്ലൂർ കായലിൻെറ കിഴക്കെതീരത്ത് ഏകദേശം മദ്ധ്യഭാഗത്തായി ചരിത്രത്തിൻെറ മൺമറഞ്ഞ പ്രതാപത്തോടെ കരൂപ്പടന്ന സ്ഥിതിചെയ്യുന്നു.കൊടുങ്ങല്ലൂർ തൃശ്ശൂർ റോഡ് ഇതുവഴിയാണ് കടന്നുപോകുന്നത്.കാലത്തിൻെറ ആദ്യകാലത്തൊ അതിനുമുൻപോ ഒന്നാംചേരസാമ്രാജ്യത്തിൻെറ തുറമുഖമായിരുന്നു കരൂപ്പടന്ന. ഇവരുടെ തലസ്ഥാനം ഇന്നും കരൂർ എന്നറിയപ്പെടുന്നതും കരൂപ്പടന്നയിൽ നിന്നും ഏകദേശം 4 നാഴിക കിഴക്ക് ചാലക്കുടിപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്നു. ചേരന്മാർ വെലുതായതും പ്രതാപികളായതും കടൽ വ്യാപാരം മുഖാന്തിരമാണ് . അതുകൊണ്ട് അവർ കടൽവ്യാപാരത്തിന് യോജിച്ച സ്ഥലങ്ങളിലാണ് തലസ്ഥാനം സ്ഥാപിച്ചിരുന്നത് .



അവരുടെ ആദ്യ തലസ്ഥാനം ക്ലൂഴൂരും തുറമുഖം സംഘകൃതികളിൽ പരാമർശിച്ചിട്ടുള്ള മാന്തായിയും ആയിരുന്നു . ഈ മാന്തായ് ആണ് ഇന്നത്തെ മാള . ഈ ഭൂപ്രകൃതിവെച്ച് നോക്കിയാൽ ഇത് ശരിയാണ് തെളിയുന്നതാണ് .





ഈ തുറമുഖം എന്തോ കാരണത്താൽ ഉപയോഗശൂന്യമായപ്പോഴാണ് അവർ കാരൂർക്ക് തലസ്ഥാനം മാറ്റിയതും കരൂർപ്പടന്ന തുറമുഖമായിരൂപാന്തരപെട്ടതും .

അന്ന് സംഘകൃ
തികളിലും മറ്റും പരാമർശിക്കുന്ന നന്തിയാർ എന്ന വലിയ നദി ക
ടലിൽ വീണിരുന്നത് കരൂർപ്പടന്നയിലാണ്.
കരൂർപ്പടന്നയിലെ
ഇന്നത്തെ ഭൂപ്രകൃതി പരിശോധിച്ചാൽ വടക്കെഭാഗത്തും കൽപ്രെ
ദേശമായ ഓരോ മുനമ്പുകൾ വന്നുനിന്നിരുന്നു . കരൂർപ്പടന്നയുടെ
പേരിനെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. കരൂർപ്പടന്ന, അതായത്
കരൂരിൻെറ ഉപ്പുവിളക്കുന്ന സ്ഥലം, എന്നും, കരൂർപടനിലം, അ
തായത് കരൂരിൻെറ പടകൾ താമസിച്ചിരുന്ന സ്ഥലം എന്നും, പി
ന്നത്തെ അഭിപ്രായം. പടവീട് എന്ന് തമിഴിൽ രാജകൊട്ടാരത്തിന്
പേരുണ്ടായിരുന്നു. ഉദാഹരണത്തികുളശേഖരപെരുൾപടവ്വട്ടി
ൽ ജനിച്ചതായി പെരുമാൾ തിരുമൊഴിയിൽകാണുന്നു. അത് കരംചേര
രാജാവിൻെറ കൊട്ടാരം ഉണ്ടായിരുന്നതിനാൽ പടവീട്
കരുപടന്നയായതാവാം. തുറമുഖത്ത് രാജാവിൻെറ ഒരു കൊട്ടാര
ത്തിന് പ്രസക്തി
ഉണ്ടല്ലൊ.
അതായിരിക്കാം
കരുപ്പടന്നയുടെ ആ
ദ്യരൂപം.



*ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്*

# അക്ഷരം

*ഹൈസ്ക്കൂൾ ചരിത്രംകരൂപ്പടന്ന ഗവൺമെൻറ്*

*2500* ച.മീറ്ററിൽ താഴെ മാത്രം വിസ്തീർണ്ണമുണ്ടായിരുന്ന ചന്തയും, പ
രിസരവും മാത്രമായിരുന്നു പുരാതന കരൂപ്പടന്ന. കരൂപ്പടന്ന ചന്തയി
ൽ നിന്ന് 3 ക. മി. അകലെയുള്ള കോണത്തുകുന്നു സ്ക്കൂളിൽ പോയി
പഠിക്കുവാൻ സ്വതവെ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്നിരുന്ന കരൂപ്പടന്ന നിവാസികൾ
തീരെതത്പരരായിരുന്നില്ല.വെള്ളാങ്കല്ലൂരിലെ
ൽ ആദ്യം സ്ഥാപിതമായ വിദ്യാലയം കോണത്തുകുന്നിലെ ഗവ.ക എൽ. പി. സ്ക്കൂളായിരുന്നു. കരൂപ്പടന്ന ചന്ത വികസിക്കുകയും അതൊ
രു വ്യാപാര, വാണിജ്യകേന്ദ്രമായ് ഉയരുകയും ചെയ്തതോടുകൂടി കരൂ
പ്പടന്ന ജനബാഹുല്യമുള്ള ഒരു പ്രദേശമായി തീർന്നു. ഈ സാഹചര്യ
ത്തിലാണ് അന്നത്തെ കൊച്ചി സർക്കാർ കരൂപ്പടന്ന ചന്തയിലെ ഒ
രു മാർക്കറ്റ് കെട്ടിടത്തിൽ പ്രൈമറി സ്ക്കൂൾ തുടങ്ങുവാൻ അനുമതി ന
ൽകിയിരുന്നത്. വിദ്യഭ്യാസവകുപ്പിലെ ഉന്നത അതികാരികളും നാട്ടു
പ്രമാണിമാരും സാമൂഹ്യ പ്രവർത്തകരുമടങ്ങുന്ന ഒരാലോചനയോ

ഗം ശ്രീ. ദാമോദരൻ നായർ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വെച്ച് നാട്ടുകാരുടെ വകയായി ഏതാനും മുറികൾ നിർമ്മിച്ചു കൊടുക്കണമെന്ന ഒരു നിർദ്ദേശം ഉണ്ടാകുകയും നാലുമുറി കെട്ടിടങ്ങളുടെ നിർമ്മാണചെലവ് ശ്രീ. പി. കെ. വീരാൻ സാഹിബും (പടിയത്ത് പുത്തൻകാട്ടിൽ ) ഒരു മുറി ശ്രീ.എ.എം.കാതർകുഞ്ഞി സാഹിബും വഹിക്കാമെന്ന് സമ്മതിക്കുയും ചെയ്തു. നിർമ്മാണചുമതല ശ്രീ. ഇടയപുറത്ത് നാരായണമേനോൻ ഏൽക്കുകയുണ്ടായി.



അതിവേഗത്തിൽ കെട്ടിടങ്ങളുടെ പണി പൂർത്തിയായി. അതിനുമുമ്പ് തന്നെ ഹൈസ്‌ക്കൂളായി അംഗീകാരം ലഭിച്ചു. ആദ്യാബാച്ച് വിദ്യാർത്ഥികൾ 1964 ലാണ് ഇവിടെ എസ്. എസ്. എൽ. സി. പരീക്ഷാസെൻറർ ആരംഭിക്കുന്നത്. 4 റവന്യൂ വില്ലേജുകളടങ്ങിയ വെള്ളാങ്കല്ലൂർ പഞ്ചായത്തിലെ ഏക ഹൈസ്‌ക്കൂൾ കരൂപ്പടന്നയിലാണ്.

# അനർഘ നിമിഷങ്ങൾ



# ലിററിൽ കൈററ്സ് ക്ലബ്ബ് അംഗങ്ങൾ



## അക്ഷരം

1. നഫീസത്തുൽ മിസരിയ

2. നജ്മത്ത്

3. ഹംന

4. ഉമർ സാലം

5. യാസിർ സാലം

6. ഹിരൺ

7. അതുൽ വിഷ്ണു

8. ദിവ്യ

9. ചന്ദന

10. ആദിത്യ

11. റമീസ ജഹാൻ

12. വിഷ്ണു

13. നബീൽ

14. നിസാം

15. ആദിത്യ സുമേഷ്

16. അഖില

17.ഫർസാന



18.ആതിക തസ്നീം

19. മുഹമ്മദ് ഹസിൻ

20. മിഥുൻ

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്



**അക്ഷരം** ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്



കൈറ്റ്സ് ഐ ടി ക്ലബ് അംഗങ്ങൾ

നന്ദി                                    അക്ഷരം

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബിന്റെ ഭാഗമായി ഞങ്ങൾതയ്യാറാക്കിയ "അക്ഷരം" എന്ന ഈ ഡിജിറ്റൽ മാഗസിന് വേണ്ടി അണിയറയിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, അധ്യാപകർക്കും മലയാളം ടൈപ്പിഗിന് ഏറ്റവും അധികം സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഹസിൻ,ഉമർ എട്ടാം ക്ലാസ്




വിദ്യാർത്ഥി അമാനി എന്നിവർക്കും ഞങ്ങളുടെ ................

ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു..............

സ്നേഹപൂർവ്വം..............

എഡിറ്റർ

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്


നന്ദി
ജി എച്ച് എസ്എസ് കരൂപ്പടന്ന
ലിറ്റിൽ കൈറ്റ്സ്